# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## സെന്റ് ജെർമെയിൻസ് എൽ പി എസ്
## എൻ പറവൂർ



# അക്കാദമിക മാസ്റ്റർ പ്ലാൻ
# ST.GERMAINS L P S , NORTH PARAVUR

**ആമുഖം**

അനുദിനം മാറികൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും- രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്. എല്ലാവരേയും ഉൾകൊള്ളുന്നതിനും, തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും, എല്ലാവർക്കും ആജീവാനന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

പൊതു വിദ്യാഭ്യാസ സംരക്ഷ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാക്കണം.

❖ ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി നടത്തുകയും അസംബ്ലി മദ്ധ്യേ കുട്ടികളുടെ വികസനത്തിനും വൈജ്ഞാനിക വളർച്ചയ്ക്കും ഉതകുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1. പത്രവാർത്ത ക്വിസ്
2. ഇന്നത്തെ ചിന്താവിഷയം
3. കലാപ്രകടനങ്ങൾ (വ്യക്തിഗതം)

❖ **ക്ലാസ്സ് റൂം തല പ്രവർത്തനങ്ങൾ**

4. സുംബാ ഡാൻസ് പരിശീലനം
5. പാഠഭാഗവുമായി ബന്ധപ്പെട്ട ICT പ്രവർത്തനങ്ങൾ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട കളികൾ
6. ക്ലാസ്സ് ലൈബ്രറി
7. സ്റ്റുഡന്റ്സ് ആക്ടിവിറ്റി കോർണർ

❖ **വിദ്യാലയതല പൊതു പ്രവർത്തനങ്ങൾ**

- യോഗ ക്ലാസ്സുകൾ
- കരാട്ടെ, ബാൻഡ്സെറ്റ് പരിശീലനം
- വിവിധ ദിനാചരണ പരിപാടികൾ
- ആഴ്ചയിൽ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ സന്ദേശം നൽകൽ

**ലക്ഷ്യങ്ങൾ:-**

❖ വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്നനങ്ങൾ സംഘടിപ്പിക്കുന്നു.

❖ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും, പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

- ❖ പാർശ്വവൽക്കരിക്കപ്പെട്ടതും, പ്രത്യേഗ പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവുരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- ❖ ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

ഒരു വർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടാണ് പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. നിലവിൽ വിദ്യാലയത്തിൽ നടന്നുകൊണ്ടിരിക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾക്ക് തുടർച്ചയും, വളർച്ചയും മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്ലാസ്തല മാസ്റ്റർ പ്ലാനിൽ ഓരോ ക്ലാസിലും നടപ്പിലാക്കേണ്ട പ്രവത്തനങ്ങളുടെ സൂക്ഷ്മമായ അംശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

കുട്ടികൾ അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിച്ച് വായിക്കാനും, എഴുതാനുമുള്ള കഴിവ് നേടിയെടുക്കുക എന്നതാണ് ഈ വർഷത്തെ ഏറ്റവും വലിയ ലക്ഷ്യമായി കാണുന്നത്. ഗണിതത്തിലെ അടിസ്ഥാനപരമായ കാര്യങ്ങൾ, ചതുഷ്ക്രിയകൾ, 10000 വരെയുള്ള സംഖ്യകൾ വായിക്കാനും, എഴുതാനും Std-4 ലെ കുട്ടികളെ പ്രാപ്തരാക്കുക എന്നതും ഈ ലക്ഷ്യത്തിൽപ്പെടുന്നു. ഓരോ കുട്ടിയുടേയും ' ഭവനം സന്ദർശിക്കുക' എന്നതും ലക്ഷ്യങ്ങളിലൊന്നാണ്.

5

# അക്കാദമിക മാസ്റ്റർ പ്ലാൻ- മലയാളം

ലക്ഷ്യം:-

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കുട്ടിയെ മികച്ച വായനക്കാരനാക്കുക
- കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക

സമയം:- ജൂൺ - സെപ്തംബർ (4 മാസം)

പഠനപ്രവർത്തനങ്ങൾ

- അക്ഷരം ഉറപ്പിക്കൽ
- അക്ഷരക്കാർഡ് നൽകൽ
- ഓക്കുകൾ നിർമ്മിക്കുക
- വാക്യം നിർമ്മിക്കൽ
- ചിത്രം (അടിക്കുറിപ്പ്, കഥപറയൽ, കഥ എഴുതൽ,കഥ പൂർത്തിയാക്കൽ)
  കഥാപുസ്തകം നൽകൽ
- C D ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതുക
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്

വായനക്കൂട്ടം (സമയം 6 മാസം)

- ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ
- വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ
- സ്കൂൾ ലൈബ്രറി നവീകരണം

- വായനോത്സവം സംഘടിപ്പിക്കൽ
- പത്രവായന
- അമ്മ വായന
- ദിനാചരണം

# Academic Master Plan- English

**Aim:-**

- Develop the power of concentration and Listening
- Read, guess and engage in graphic reading and echo reading
- Develop discourses like conversations thoughts, Notice, rhymes etc.
- Present simple stories.

**Activities:-**

- Listen to the instruction and do according simple games.
- Sounds of different animals and birds.
- Simple rhymes
- Simple Stories
- Identify objects when describe orally.

**Describe objects and pictures.**

Tell the story using his/her words.

- Sing song and poems with proper rhythm and actions.
- Describe objects (cat, house, sea, store, pictures)
- Answer in simple questions (story, simple sentence, riddles, conversations, thoughts etc)

**Read and enjoy simple stories**

Picture reading

Reading Cards

Read the text graphically

**Develop discourses**

Write simple conversation

Write simple stories

Add more lines

Write description, thoughts

# അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസര പഠനം

ലക്ഷ്യം:-

- ❖ വ്യക്തിശുചിത്വം, പരിസര ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക
- ❖ ചിട്ടയായ ആഹാരശീലങ്ങൾ പാലിക്കാൻ അവബോധം കുട്ടികളിൽ വളർത്തുന്നു.
- ❖ ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കാൻ പരിശീലനങ്ങൾ ഏർപ്പെടുത്തുന്നു.
- ❖ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര കൗതുകം വളർത്തുന്നു.

പഠന പ്രവർത്തനങ്ങൾ:-

ശുചിത്വപോസ്റ്റർ - ഹെൽത്ത് കാർഡ്

പരിസരശുചിത്വ ബോധവൽക്കരണ വീഡിയോ പ്രദർശനം

ഡ്രൈ ഡേ ആചരണം- വെള്ളിയാഴ്ച ദിവസം

പരിസര ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ

മാലിന്യം തരംതിരിക്കൽ- പ്ലാസ്റ്റിക് മാലിന്യം, ജൈവമാലിന്യം

ഭക്ഷ്യമേള സംഘടിപ്പിക്കൽ

ആരോഗ്യ ബോധവൽക്കരണ ക്ലാസ്- ആരോഗ്യ പ്രവർത്തകർ

ലഘുവ്യായാമ പരിശീലനം- എയ്റോബിക്സ്

അസംബ്ലിയിൽ Exercise

ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ

സമയം:- ജൂൺ- മാർച്ച്

# 10

# അക്കാദമിക മാസ്റ്റർ പ്ലാൻ- ഗണിതം

**ലക്ഷ്യം:-**

ഗണിതപഠനം ഉല്ലാസപ്രദവും, കൗതുകകരവുമാക്കുക. മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

**ശേഷി:-**

1 മുതൽ 20 വരെയുള്ള സംഖ്യാബോധം ( Std-I)

1 മുതൽ 1000 വരെയുള്ള സംഖ്യാബോധം ( Std-II)

1 മുതൽ 10000 വരെയുള്ള സംഖ്യാബോധം ( Std-III)

1 മുതൽ 10000 വരെയുള്ള സംഖ്യാബോധം ( Std-IV)

സങ്കലനം,വ്യവകലനം, ഗുണനം, ഹരണം എന്നീ ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രശ്ന പരിഹരണം നടത്തുക.

സമയം- ജൂൺ - മാർച്ച്

**പ്രവർത്തനങ്ങൾ:-**

- കൂർത്ത വസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൾ, മഞ്ചാടി, മുത്ത്) എണ്ണൽ, കെട്ടുകളാക്കൽ,കൂട്ടങ്ങളാക്കൽ.
- അബാക്കസ്, സ്ഥാനവില പോക്കറ്റ്, കളിനോട്ടുകൾ, സഖ്യാറിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ
- ഉല്ലാസ ഗണിത കിറ്റിലുള്ള വസ്തുക്കൾ ഉപയോഗിച്ച് കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

  (പാമ്പും കോണിയും, ജിബ്സം ബോർഡ്, സ്ട്രിപ്പ്, സംഖ്യാചക്രം, മുത്ത് കോർക്കൽ, സാംഖ്യാകാർഡ് കളി)

- ICT സാധ്യത ഉപയോഗിച്ച് ഗണിതപഠനം ലളിതമാക്കുന്നു.
- അനുദിന ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ഒറ്റുട്ടി നിർദ്ധാരണം ചെയ്യുന്നു.
- ഗണിത കേളിയിലൂടെ മന:കണക്കായി ഉത്തരം കണ്ടെത്തുന്നു. ( puzzles, patterns, ഡയസ്, ഗണിത കിസ്)
- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- വിവിധ രൂപങ്ങൾ (ചതുരം, സമചതുരം, ത്രികോണം, വൃത്തം etc) ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. (വൺട്, കല്ലൽ, മീൻ)
- വിവിധ അളവുകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നത്തിൽ ഏർപ്പെടുന്നു. സ്കെയിൽ, മീറ്റർ സ്കെയിൽ എന്നിവ ഉപയോഗിച്ച് വിവിധ വസ്തുക്കളുടെ പേപ്പർ, ബുക്ക്, ബഞ്ച്, സ്ക്, ബോർഡ് , വീട്ടുപകരണങ്ങൾ etc, നീളം ഊഹിക്കുന്നു. കൃത്യമായി അളന്ന് രേഖപ്പെടുത്തുന്നു.

  നിയതമായ അളവുപാത്രങ്ങളും ഉപയോഗിച്ച് ലിറ്റർ, മില്ലിലിറ്റർ എന്നിവയെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുന്നു.